പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2528 | 05/02/2018 ൽ മറുപടിക്ക്

**മലബാർ ദേവസ്വം ക്ഷേത്രജീവനക്കാരുടെ നിയമനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.മുരളീധരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| | | | (എ) യും (ബി) ഉം |
| (എ) | മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ഏതെല്ലാം ക്ഷേത്രങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | | മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ 1357 ക്ഷേത്രങ്ങളാണ് ഉള്ളത്. പ്രസ്തുത ക്ഷേത്രങ്ങളുടെ എണ്ണവും സർക്കാർ ഗ്രാന്റ് നൽകുന്ന ക്ഷേത്രങ്ങളുടെ ലിസ്റ്റും മലബാർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റിൽ (www.malabardevaswom.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. |
| (ബി) | മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്നതും സർക്കാർ ഗ്രാന്റ് ലഭിക്കുന്നതുമായ ക്ഷേത്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത ക്ഷേത്രങ്ങളിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തരമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ നിയമനാധികാരം അതാതു ക്ഷേത്രം ട്രസ്റ്റി/ ക്ഷേത്ര ഭരണാധികാരികൾക്കാണ്. ഈ നിയമനങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ്ബോർഡ് മുഖേന നടത്തുന്നത് , ബഹു. ഹൈക്കോടതിയുടെ WP(C) 19644/15 തീയതി 08/07/15, വിധി ന്യായ പ്രകാരം തടഞ്ഞിട്ടുണ്ട്. ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്താൽ മാത്രമേ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനം നടത്താൻ കഴിയൂ. ഇത് സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ